## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് കരട് പട്ടികയിലെ അപാകതകൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4648

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സാമൂഹ്യ - സാമ്പത്തിക-ജാതി സെൻസസ് കരട് പട്ടിക സംബന്ധിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നടന്നു വരുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം പ്രസിദ്ധീകരിച്ച കരട് ലിസ്റ്റിനെ സംബന്ധിക്കുന്ന ഏതാനും ന്യൂനതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. **കരട് ലിസ്റ്റിൽ മേൽവിലാസം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കുടുംബത്തെ തിരിച്ചറിയുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നു.**<br>സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം നടത്തിയ വിവരശേഖരണത്തിൽ കുടുംബത്തിന്റെ തിരിച്ചറിയൽ വിവരങ്ങളിൽ വീട്ട് പേര് ശേഖരിക്കപ്പെട്ടിരുന്നില്ല 2011 സെൻസസ് വേളയിൽ ഓരോ വില്ലേജിനെയും 100/125 വീടുകൾ (പരമാവധി 600/700 ആളുകൾ) വീതം വരുന്ന ഓരോ എന്യൂമറേഷൻ ബ്ലോക്കുകൾ (EB) ആയി വിഭജിച്ചാണ് ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) തയ്യാറാക്കിയത്. ഈ ഓരോ എന്യൂമറേഷൻ ബ്ലോക്കുകളിലെയും, വീടുകളും കെട്ടിടങ്ങളും അതിൽ താമസിക്കുന്ന കുടുംബത്തിലെ ഓരോ അംഗത്തിന്റെയും പേര് വിവരവും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന സംക്ഷിപ്ത വീട് വിവരപ്പട്ടികയും (Abridged House List-AHL) തയ്യാറാക്കിയിരുന്നു. ഈ എ.എച്ച്.എൽ. അവലംബമാക്കിയാണ് ഭാരതത്തിലാകമാനം എന്നതുപോലെ കേരളത്തിലും ഈ സെൻസസ് പൂർത്തിയാക്കിയിട്ടുള്ളത്. ഈ എ.എച്ച്.എല്ലിലെ കുടുംബത്തിന്റെ തിരിച്ചറിയൽ കോഡ് -ഇ. ബി. കോഡും, കുടുംബനമ്പരും ആയിരുന്നു. കുടുംബത്തിന് സെൻസസ് പൂർത്തിയാക്കിയതിന് ശേഷം ഈ വിവരങ്ങൾ ഉൾപ്പെടുത്തിയ കൈപ്പറ്റ് രസീതും നൽകിയിട്ടുണ്ട്. ഈ രസീത് പ്രകാരം കുടുംബത്തിന്റെ വിവരങ്ങൾ കരട് ലിസ്റ്റിൽ നിന്നും എളുപ്പത്തിൽ കണ്ടെത്തുന്നതിന് സാധിക്കും.<br><br>**2. യാരാളം കുടുംബങ്ങൾ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല**<br><br>സെൻസസ് സമയത്ത് ശേഖരിക്കപ്പെട്ട വാർഡ് നമ്പരുകളുടെ അടിസ്ഥാനത്തിലാണ് കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. (അതായത് വാർഡ് വിഭജനം നിലവിൽ വരുന്നതിന് മുൻപുള്ള റേഷൻ കാർഡുകളിൽ കണ്ട വാർഡ് നമ്പരുകൾ) ഇക്കാരണത്താൽ കുടുംബങ്ങൾ വിട്ടുപോവുകയല്ല തെറ്റായ വാർഡ് നമ്പരുകളിൽ ഉൾപ്പെടുത്തപ്പെടുകയാണ് ചെയ്തിട്ടുള്ളത്. വാർഡ് നമ്പരുകൾ എഡിറ്റ് ചെയ്ത് ശരിയായ വാർഡിലേയ്ക്ക് കുടുംബത്തെ മാറ്റി ക്രമപ്പെടുത്തൽ ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് പരിഹരിക്കുന്ന ഘട്ടത്തിൽ നടത്തുന്നതാണ്. പരാതി നൽകാത്ത ആൾക്കാരുടെ തെറ്റായ വാർഡ് നമ്പരുകൾ തിരുത്തുന്നതിന്. - സമൂഹത്തിലെ ഏറ്റവും അധസ്ഥിതരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ കുടുംബങ്ങളിൽ നിന്നും ഇത്തരത്തിൽ അപേക്ഷ ലഭിക്കാൻ സാദ്ധ്യത തീരെ കുറവായിരിക്കുമെന്ന് കണക്കാക്കി |

| | | | |
|---|---|---|---|
| | | | യിരിക്കുന്നു. ആയതിനാൽ കരട് ലിസ്റ്റിൽ വാർഡ് നമ്പർ തെറ്റായി ചേർക്കപ്പെട്ട മുഴുവൻ കുടുംബങ്ങളെയും തിരിച്ചറിഞ്ഞ് പട്ടികയിൽ പ്പെടുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന വെറ്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>3. മാസവരുമാനത്തിന് പകരം വാർഷിക വരുമാനം ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>വരുമാനം സംബന്ധിച്ച വിവരങ്ങളിലെ തെറ്റ് ഹിയറിംഗ് നടത്തുന്ന ഉദ്യോഗസ്ഥനെയോ, അപ്പീൽ നൽകേണ്ടുന്ന ഉദ്യോഗസ്ഥനെയോ ബോദ്ധ്യപ്പെടുത്തി തിരുത്തുവാൻ അവസരം നൽകിയിട്ടുണ്ട്.<br><br>4. പരാതി സ്വീകരിക്കുന്നതിനുള്ള അവസാന. തീയതി 2014 ആഗസ്റ്റ് 31 ആയി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | കുടുംബങ്ങളുടെ വരുമാനം സംബന്ധിച്ച ആക്ഷേപങ്ങളിൽ പരാതി സമർപ്പിക്കുമ്പോൾ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ സമയബന്ധിതമായി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം വില്ലേജ് അധികൃതർക്ക് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ഡി) | സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ ഒരു ഘട്ടത്തിലും കുടുംബാംഗങ്ങൾ നൽകുന്ന വിവരങ്ങളുടെ തെളിവിനായി സർട്ടിഫിക്കറ്റുകളോ, രേഖകളോ ആവശ്യപ്പെട്ടിരുന്നില്ല. അവർ നൽകിയ വിവരങ്ങൾ അതുപോലെ സ്വീകരിക്കുകയും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് വായിച്ച് കേൾപ്പിച്ച് കൈയൊപ്പ് വാങ്ങിയിട്ടുള്ളതുമാണ്.<br>ഈ വിവരങ്ങളിൽ വീണ്ടും പരാതികൾ നൽകുമ്പോൾ വിവരശേഖരണം തെറ്റായിട്ടാണ് നടത്തപ്പെട്ടതെന്ന് ബോദ്ധ്യപ്പെടു ത്തുന്നതിന് പരാതിക്കാരന് ബാദ്ധ്യതയുണ്ട്. |

| | | | |
|---|---|---|---|
| | | | അതിനാൽ നിലവിൽ കൈവശമുള്ള രേഖകളോ, റേഷൻ കാർഡോ നൽകിയാലും മതിയാകുന്നതാണ്. വീണ്ടും സംശയമുള്ള പക്ഷം ഹിയറിംഗ് ആഫീസർ പ്രത്യേക അന്വേഷണം നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടുമെന്നല്ലാതെ യാതൊരു സർട്ടിഫിക്കറ്റും നിർബ്ബന്ധമാക്കിയിട്ടില്ല എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിച്ചാൽ ഹിയറിംഗ് ഉദ്യോഗസ്ഥന് ഇത് സംബന്ധിച്ച പരാതിയിന്മേൽ തീർപ്പ് കൽപിക്കുന്നതിന് അന്വേഷണം നടത്താതെ തന്നെ സാധിക്കുന്നതായിരിക്കും. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച യാതൊരു നിർദ്ദേശവും വില്ലേജ് ആഫീസർക്ക് നൽകുന്നതല്ല |
| (ഇ) | വരുമാന സർട്ടിഫിക്കറ്റ് പരിഗണിക്കുന്നില്ലെങ്കിൽ ഏത് മാനദണ്ഡമാണ് കുടുംബവരുമാനം സംബന്ധിച്ച ആക്ഷേപങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്? | (ഇ) | പരാതിക്കാരന്റെ സത്യവാങ്മൂലമോ, റേഷൻ കാർഡോ, വി.ഇ.ഒ യുടെ അന്വേഷണറിപ്പോർട്ടോ സ്വീകാര്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ